"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന അക്കൗണ്ടന്റ് കം ഐ.ടി. എക്സ്പെർട്ടുമാർക്ക് യാത്രാബത്ത അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ഐ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2398/2025/LSGD തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:- 1. 09.09.2016-ലെ സ.ഉ(അച്ചടി)നം.137/2016/ധന

2 11.02.2021-ലെ സ.ഉ(അച്ചടി)നം.29/2021/ധന

3 03/11/2021-ലെ സ.ഉ(സാധാ) നം.2191/2021/ത.സ്വ.ഭ.വ .

4. അസോസിയേഷൻ ഓഫ് ഐ.റ്റി എംപ്ലോയീസ് (CITU) സെക്രട്ടറി സമർപ്പിച്ച നിവേദനം.

5. സ.ഉ(അച്ചടി)നം.54/2025/ധന തീയതി 19/04/2025.

6. പ്രിൻസിപ്പൽ ഡയറക്ടറുടെ 25/02/2025, 07/09/2025 എന്നീ തീയതികളിലെ LSGD/PD/7707/2023-DEF2 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന അക്കൗണ്ടന്റ് - കം-ഐടി എക്സ്പെർട്ട് ( AITE)മാർക്ക് കാറ്റഗറി II(എ) യിൽ ഉൾപ്പെടുത്തി ഉയർന്ന ശമ്പളം, യാത്രാപ്പടി എന്നിവ അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം അസോസിയേഷൻ ഓഫ് ഐടി എംപ്ളോയീസ് (സി.ഐ.ടി.യു.) അപേക്ഷ സമർപ്പിച്ചിരുന്നു.

(2) അക്കൗണ്ടന്റ് കം ഐ.ടി എക്സ്പെർട്ടുമാരുടെ സേവന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനായി 02.07.2020-ൽ പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത തസ്തികയ്ക്ക് അനുവദിച്ചിരുന്ന യാത്രാബത്ത ഒഴിവാക്കിക്കൊണ്ടും, കരാർ/ദിവസ വേതന അടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ വേതനം സംബന്ധിച്ച് പുറപ്പെടുവിച്ച പരാമർശം(2) ഉത്തരവിലെ കാറ്റഗറി VI-ന്റെ വേതനം ടി തസ്തികകൾക്ക് അനുവദിച്ച് കൊണ്ടും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

(3) തദ്ദേശ സ്ഥാപനങ്ങളിൽ അക്കൗണ്ടിംഗ് സംബന്ധമായ ജോലികളിൽ അക്കൗണ്ടന്റ് കം ഐ.ടി എക്സപെർട്ടുമാരുടെ സേവനം അനിവാര്യമായതിനാൽ ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിലേക്കുമായി ഇവർക്ക് ഒരു മാസത്തിൽ ശരാശരി 20 ദിവസത്തിലധികം ഔദ്യോഗിക യാത്രകൾ വേണ്ടി വരുന്നതായും

പ്രതിമാസം 28100/- രൂപ വേതനം ലഭിക്കുന്ന AITE മാർക്ക് യാത്രാക്കൂലിയിനത്തിൽ നല്ലൊരു തുക ചെലവിടേണ്ട സാഹചര്യമുള്ളതിനാൽ അക്കൗണ്ടന്റ് കം ഐ.ടി എക്സപെർട്ട്മാർക്ക് യാത്രാബത്ത അനുവദിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അക്കൗണ്ടന്റ് കം ഐടി എക്സ്പേർട്ട് തസ്തികയിലെ ജീവനക്കാർക്ക് നിരന്തരം യാത്രകൾ നടത്തേണ്ടി വരുന്നതിനാൽ അക്കൗണ്ടന്റ് കം ഐ.ടി എക്സ്പേർട്ട്-മാർക്ക് ഗ്രേഡ് IV ജീവനക്കാർക്ക് അനുവദനീയമായിട്ടുള്ള യാത്രാബത്ത ചുവടെപ്പറയുന്ന നിബന്ധനകൾക്കനുസൃതമായി അനുവദിച്ച് ഉത്തരവാകുന്നു.

i. കെ.എസ്.ആർ പാർട്ട് 1 റൂൾ 8- ന്റെ അടിസ്ഥാനത്തിൽ Appendix 1 Model form of Agreement പ്രകാരം കരാറിൽ ഏർപ്പെടേണ്ടതും, യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തേണ്ടതുമാണ്.
ii. കെ.എസ്.ആർ. ഭാഗം-II ചട്ടങ്ങൾ പൂർണ്ണമായും പാലിച്ചു കൊണ്ടായിരിക്കണം യാത്രാബത്ത അനുവദിക്കേണ്ടത്.
iii. യാത്രാബത്ത അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ കരാർ ജീവനക്കാർക്കും ബാധകമായിരിക്കും.
iv. സർക്കാർ നിശ്ചയിച്ചിട്ടുള്ള യാത്രാബത്ത പരിധിക്കുള്ളിൽ (TA Ceiling limit) നിന്നു മാത്രമേ യാത്രാബത്ത ക്ലെയിം മാറി നൽകാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ട്ന്റ് ജനറൽ, എ&ഇ , കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ , (G&SSA/E&RSA) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്, (2691600/ഡെവ-1/19/2024-ധന തീയതി 12/07/2025 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 03-10-2025 12:23:53